# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2194 | 04.11.2019 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി ഭക്ഷ്യവസ്തുക്കളുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണം** | |
| ചോദ്യം | മറുപടി |
| **ശ്രീ.എ.പി. അനിൽ കുമാർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വാങ്ങലിലും വിതരണത്തിലും ലക്ഷങ്ങളുടെ അഴിമതി നടന്നതായി വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; | എ) അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വാങ്ങലിലും വിതരണത്തിലും നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് 04/10/2019 ന് സംസ്ഥാന വ്യാപകമായി "ഓപ്പറേഷൻ വെൽഫെയർ" എന്ന പേരിൽ നടത്തിയ മിന്നൽ പരിശോധനകളിൽ ചില അങ്കണവാടികളിൽ അഴിമതി നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| ബി) വിജിലൻസ് വകുപ്പ് ഓപ്പറേഷൻ വെൽഫയർ എന്ന പേരിൽ വിവിധ ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ; | ബി) മിന്നൽ പരിശോധനയുടെ പ്രാഥമികാ-ന്വേഷണത്തിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.<br>1. ഓഫീസ് രേഖകളും, ഫയലുകളും കൃത്യമായി അപ്ഡേറ്റ് ചെയ്യുന്നതായി കാണുന്നില്ല.<br>2. Cash book, Stock Issue Register, Stock Receipt, Cash Declaration Register എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.<br>3. വർക്കിംഗ് ഗ്രൂപ്പ് മീറ്റിങ്ങിന്റെ വിശദാംശങ്ങൾ മിനിറ്റ്സ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നതായി കാണുന്നില്ല. |

| | |
|---|---|
| | 4. അങ്കണവാടി ലെവൽ മോണിറ്ററിങ് ആൻഡ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ മാസവും കൂടുന്നില്ല.<br>5. ICDS ന്റെ കൈവശം സൂക്ഷിക്കുന്ന രജിസ്റ്ററുകളും അങ്കണവാടികളിലുള്ള രജിസ്റ്ററുകളും ശരിയായ രീതിയിൽ അപ്ഡേറ്റ് ചെയ്യുന്നില്ല.<br>6. ഗർഭിണികളായ വനിതകൾക്ക് പ്രസവ ശേഷം സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന്റെ മെറ്റേണിറ്റി ബെനിഫിറ്റ് പ്രോഗ്രാം പദ്ധതി പ്രകാരം ലഭിക്കേണ്ട 5000/- രൂപ ലഭിക്കുന്നതിനായി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ യഥാവിധി റിപ്പോർട്ട് നൽകാത്തതുമൂലം അർഹരായവർക്ക് ആനുകൂല്യങ്ങൾ നഷ്ടമാകുന്നതായി കണ്ടെത്തി. |
| സി) ഇതിന്റെ അടിസ്ഥാനത്തിൽ ആർക്കെല്ലാമെതിരെ നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | സി) മിന്നൽ പരിശോധന റിപ്പോർട്ടുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ യൂണിറ്റ് ഓഫീസുകളിൽ തയ്യാറായി വരുന്നുണ്ട്. ആയത് ലഭിച്ച് സൂക്ഷ്മ പരിശോധന നടത്തിയാൽ മാത്രമേ കൃത്യമായ ക്രമക്കേടുകളും അഴിമതികളും കണ്ടെത്താൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ